# വാർഷിക സ്തോത്രദാന ശുശ്രൂഷയും ആദ്യഫലപ്പെരുന്നാളും-2022

പ്രിയ സഭാജനങ്ങളെ,

ഒക്ടോബർ 20, 2022 വ്യാഴാഴ്ച പള്ളിയിൽ വച്ച് കൂടിയ ഏരിയാ പ്രയർഗ്രൂപ്പ് കൺവീനർമാരുടെയും, സംഘടനാഭാരവാഹികളുടെയും, ചർച്ച് കമ്മിറ്റി അംഗങ്ങളുടെയും, ടെക്നിക്കൽ കമ്മിറ്റി അംഗങ്ങളുടെയും സംയുക്ത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ അറിയിക്കട്ടെ.

1. 2022 ലെ വാർഷിക സ്തോത്രദാനശുശ്രൂഷ, പള്ളിയുടെ പ്രതിഷ്ഠാദിനവുമായി ബന്ധപ്പെടുത്തി, നവംബർ 13,20,27 ഞായറാഴ്ചകളിലെ വിവിധ ആരാധനകളിൽ, ഏരിയാ പ്രയർഗ്രൂപ്പ് അടിസ്ഥാനത്തിൽ, സഭാജനങ്ങൾക്ക് തങ്ങളുടെ സ്തോത്ര വഴിപാട് സമർപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതാണ്. ഇതിനായുള്ള വാർഷിക സ്തോത്രദാന കവറുകൾ നവംബർ 6-ാം തീയതി ഞായറാഴ്ച മുതൽ ഏരിയാ പ്രയർ കൺവീനർമാർ വഴി വിതരണം ചെയ്യുന്നതാണ്.

2. ഈ വർഷത്തെ ആദ്യഫലപെരുനാൾ സംയുക്ത ആരാധന, ഡിസംബർ 4, ഞായറാഴ്ച രാവിലെ 7.30 ന് ആരംഭിക്കുന്നതും പ്രഭാത ഭക്ഷണത്തിന് ശേഷം 10 മണിയോടെ ആദ്യഫലലേലം വിളി ആരംഭിക്കുന്നതാണ്. ആദ്യഫല ലേലത്തിന്റെ വിശദാംശങ്ങൾ പുറകെ അറിയിക്കുന്നതാണ്. ലേല വസ്തുക്കളുടെ സ്വീകരണം ഡിസംബർ 3, ശനിയാഴ്ച രാവിലെ മുതൽ ആരംഭിക്കും. കഴിഞ്ഞ വർഷത്തെപ്പോലെ പ്രഭാത ഭക്ഷണത്തിന് 50 രൂപയും ഉച്ചഭക്ഷണത്തിന് 150 രൂപയും എന്ന നിരക്കിൽ, ഭക്ഷണക്കൂപ്പൺ, അത്മായ സംഘടനയുടെ നേതൃത്വത്തിൽ, പ്രത്യേക കൗണ്ടർ വഴി നവംബർ 6, ഞായറാഴ്ച മുതൽ വിതരണം ചെയ്യും. ഭക്ഷണം പാഴ്സൽ ആയി ലഭിക്കണമെന്ന് താൽപര്യ മുള്ളവർക്ക് വേണ്ടി, പരിമിതമായ എണ്ണം മാത്രം പ്രത്യേക കൂപ്പണുകൾ ക്രമീകരിച്ചിട്ടുണ്ട്. കൂപ്പൺ വിതരണം നവംബർ 30 ന് അവസാനിപ്പിക്കുന്ന തായിരിക്കും.

3. പ്രസ്തുത കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിന് വേണ്ടി ഓരോ ഏരിയാ പ്രാർത്ഥനാ ഗ്രൂപ്പിൽ നിന്ന് 3 പ്രതിനിധികൾ വീതമുള്ള വോളണ്ടിയർമാരുടെ ടീം രൂപീകരിച്ചിട്ടുണ്ട്.

ഇക്കാര്യങ്ങളെല്ലാം അനുഗ്രഹീതമായി നടക്കുന്നതിന് എല്ലാ സഭാജനങ്ങളുടെയും നിരന്തരമായ പ്രാർത്ഥനകളും സമ്പൂർണ സഹകരണവും അഭ്യർത്ഥിക്കുന്നു.

ചർച്ച് കമ്മിറ്റിക്ക് വേണ്ടി,

**ഹാർവെസ്റ്റ് ഫെസ്റ്റിവൽ കൺവീനർമാർ**